ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ : ശ്രീ.ജോമോൻ കെ ജോർജ്ജ്, ബി.ടെക്)

ഉത്തരവ് നം. ബി1-37941/2020/സി.ഇ തീയതി : 26/04/2022

വിഷയം:- ജീവനക്കാര്യം - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - ഈ കാര്യാലയത്തിലെ 18/04/2022 ലെ എച്ച്.ഇ.സി.ഇ/74/2021/ബി1 നമ്പർ ഉത്തരവ്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ.സി.എസ്.സുധാകരനെ സീനിയർ സൂപ്രണ്ട് തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകി ഹാർബർ എഞ്ചിനീയറിംഗ് മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിയമിച്ച് പരാമർശം പ്രകാരം ഉത്തരവായതിനാൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ഹെഡ് ക്ലാർക്കുമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഹെഡ് ക്ലർക്കുമായ ശ്രീമതി.ബിന്ദു.വിയ്ക്കാണ് ടി തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളത്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഹെഡ് ക്ലർക്ക് ശ്രീമതി.ബിന്ദു.വിയെ 43400 - 91200 രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആലപ്പുഴ ഡിവിഷനിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീമതി.ബിന്ദു.വി., ഹെഡ് ക്ലാർക്ക്.

പകർപ്പ്: 1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണ മേഖല / മദ്ധ്യമേഖല
3. വെബ് സൈറ്റിലേയ്ക്ക് / സ്റ്റോക്ക് ഫയലിലേയ്ക്ക്.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T4/Sh